# ACADEMIC MASTERPLAN

## G H S MANNANCHERRY

## 2025- 2026

| ദിവസം | വിഷയം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|---|
| ഒന്നാം ദിവസം<br>04.06.25 | മയക്കമരുന്ന് ലഹരി ഉപയോഗത്തിനെതിരെ | *ലഹരി ഉപയോഗം വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് (ആരോഗ്യപ്രശ്നങ്ങൾ സാമ്പത്തിക ബാധ്യത നിയമപരമായ പ്രശ്നങ്ങൾ സാമൂഹിക ഒറ്റപ്പെടൽ )അവരെ ബോധവാന്മാരാക്കുക<br><br>*കൂട്ടുകാരുടെ സമ്മർദ്ദം പരസ്യം മറ്റു സാമൂഹ്യ സ്വാധീനങ്ങൾ എന്നിവ അതിജീവിക്കാനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തുക<br><br>*നോ എന്ന് പറയാനുള്ള ധൈര്യം അവരിൽ വളർത്തുകയും തെറ്റായ തീരുമാനങ്ങൾ എടുക്കുന്നതിൽ നിന്ന് അവരെ പിന്തിരിപ്പിക്കുകയും ചെയ്യുക<br>*ആരോഗ്യകരമായ ജീവിതശൈലി നയിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക | ചർച്ച<br>ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും എങ്ങനെ അതിൽ നിന്ന് വിട്ടുനിൽക്കാം എന്നും വിദ്യാർത്ഥികൾക്ക് പരസ്പര സംസാരിക്കാനുള്ള അവസരം നൽക<br>ബോധവൽക്കരണ ക്ലാസ്<br>സ്കൂൾ കൗൺസിലർ സൗമ്യയുടെ നേതൃത്വത്തിൽ ലഹരിയുടെ ആരോഗ്യപരവും സാമൂഹികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ക്ലാസുകൾ സംഘടിപ്പിച്ചു<br>ഡോക്യുമെന്ററി പ്രദർശനം ലഹരി ഉപയോഗം ഉണ്ടാകുന്ന ദുരന്തങ്ങളെ കുറിച്ചുള്ള ഡോക്യുമെന്ററി വിദ്യാർത്ഥികളെ കാണിച്ചു<br>സംവാദം<br>ടീൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കൗമാരത്തിന്റെ ലഹരി സ്പോർട്സ് എന്ന വിഷയത്തിൽ സംവാദം നടത്ത |
| രണ്ടാം ദിവസം<br>12.06.25 | ട്രാഫിക് നിയമങ്ങൾ റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ | *വിദ്യാർഥികളെ ഉത്തരവാദിത്വമുള്ള കാൽനടയാത്രക്കാർ സൈക്കിൾ യാത്രക്കാർ ഡ്രൈവർ (ഭാവിയിൽ )എന്നിവരാക്കി മാറ്റുക<br>*റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിൽ അവരുടെ പങ്ക് ബോധ്യപ്പെടുത്തുക | ചർച്ച<br>വിദ്യാർഥികളെ പങ്കെടുപ്പിച്ച ചർച്ചകളു സംശയനിവാരണവും നടത്തി<br>സ്കിറ്റ്<br>ട്രാഫിക് നിയമങ്ങൾ ലംഘിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങളെ കുറിച്ച് ലഘുനാടകം അവതരിപ്പിച്ചു<br>വീഡിയോ പ്രദർശനം<br>ഹെൽമെറ്റ് സീറ്റ് ബെൽറ്റ് എന്നിവ ധരിക്കേണ്ടതി ആവശ്യകത ബോധ്യപ്പെടുത്തുന്ന വീഡിയോ പ്രദർശനം |

| | | | |
|---|---|---|---|
| ന്നാം ദിവസം<br>09.06.25 | വ്യക്തി ശുചിത്വം<br>പരിസര ശുചിത്വം<br>ഹരിത ക്യാമ്പസ് സ്കൂൾ<br>സൗന്ദര്യവൽക്കരണം | *വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ശീലങ്ങൾ വളർത്തുക<br>*രോഗങ്ങളെ പ്രതിരോധിക്കാനും ആരോഗ്യത്തോടെ ഇരിക്കാനും അവരെ പ്രാപ്തരാക്കുക<br>*വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ശീലങ്ങൾ വളർത്തുക<br>*രോഗങ്ങളെ പ്രതിരോധിക്കാനും ആരോഗ്യത്തോടെ ഇരിക്കാനും അവരെ പ്രാപ്തരാക്കുക<br>*സ്കൂൾ പരിസരവും വീടും പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുക<br>*മാലിന്യം വലിച്ചെറിയുന്ന ശീലം ഇല്ലാതാക്കുക മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കുക പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കഴിവതും ഒഴിവാക്കുക പേന മിഠായി കവറുകൾ തുടങ്ങിയവ പുനരുപയോഗിക്കുക വിത്ത് പേനകൾ ഉപയോഗിക്കുക | ബോധവൽക്കരണ ക്ലാസ്<br>കൈകഴുകേണ്ടതിന്റെ പ്രാധാന്യം<br>കുളിക്കുന്നതിന്റെയും വസ്ത്രം വൃത്തിയായി സൂക്ഷിക്കുന്നതിന്റെയും ആവശ്യകത<br>നഖം വെട്ടൽ പല്ലുതേക്കൽ തലമുടി വൃത്തിയാക്കൽ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അധ്യാപക നേതൃത്വത്തിൽ ക്ലാസുകൾ സംഘടിപ്പിച്ചു<br>ഗ്രൂപ്പ് പ്രവർത്തനങ്ങൾ<br>സ്കൂൾ പരിസരവും ക്ലാസ് മുറികളും വൃത്തിയാക്കുന്നതിനുള്ള കൂട്ടായ്മ ഞങ്ങൾ സംഘടിപ്പിച്ചു നിരീക്ഷിക്കുന്ന ചെറിയ ടീമുകളുടെ രൂപീകരിച്ചു<br>മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കുക<br>പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കഴിവതും ഒഴിവാക്കുക<br>പേന മിഠായി കവറുകൾ തുടങ്ങിയവ പുനരുപയോഗിക്കുക<br>വിത്ത് പേനകൾ ഉപയോഗിക്കുക<br>സ്കൂൾ വളപ്പിൽ വിദ്യാർഥികളുടെ പങ്കാളിത്തത്തോടെ തോട്ടങ്ങൾ നിർമ്മിച്ചു |
| നാലാം ദിവസം<br>11.06.25 | ആരോഗ്യം വ്യായാമം<br>കായിക ക്ഷമത | *വിദ്യാർഥികളിൽ ആരോഗ്യകരമായ ജീവിതശൈലിയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക ശാരീരികവും മാനസികവും ആരോഗ്യവുമായ ആരോഗ്യ മെച്ചപ്പെടുത്തുക<br>*രോഗങ്ങളെ പ്രതിരോധിക്കാനും ശരീരത്തിന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കാൻ സഹായിക്കുക ടീം വർക്ക് നേതൃഗുണം കായിക മനോഭാവം എന്നിവ വളർത്തുക<br>*ടെൻഷൻ കുറയ്ക്കാനും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും സഹായിക്കുക | ബോധവൽക്കരണ ക്ലാസുകൾ<br>ആരോഗ്യകരമായ ഭക്ഷണം ജലാംശം നിലനിർത്തേണ്ടതിന്റെ പ്രാധാന്യം<br>ശുചിത്വം ഉറക്കത്തിന്റെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസുകൾ സംഘടിപ്പിച്ചു<br>സമ്മർദ്ദം കൈകാര്യം ചെയ്യാനുള്ള വഴികൾ പോസിറ്റീവ് ചിന്തകൾ വളർത്തുക തുടങ്ങിയ വിഷയങ്ങളിൽ കൗൺസിലർ സൗമ്യയുടെ നേതൃത്വത്തിൽ ക്ലാസുകൾ നടത്തി<br>ടർഫിൽ കുട്ടികളെ വ്യായാമ മുറകൾ ചെയ്യിച്ചു<br>യോഗയെ കുറിച്ച് ക്ലാസ്സ് എടുത്തു |

| | | | |
|---|---|---|---|
| | | | ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പരിചയപ്പെടുത്തി<br>ചലഞ്ചുകൾ വിദ്യാർത്ഥികൾക്കായി ലളിതമായ ഫിറ്റ്നസ് ചലഞ്ച് ഉദാഹരണമായി പുഷ് അപ്പ്ചലഞ്ച് സിറ്റപ്പ് ചലഞ്ച് എന്നിവ സംഘടിപ്പിച്ചു |
| അഞ്ചാം ദിവസം | ഡിജിറ്റൽ അച്ചടക്കം<br>13.06.25 | *വിദ്യാർത്ഥികളെ ഇന്റർനെറ്റ് സോഷ്യൽ മീഡിയ ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവ ഉത്തരവാദിത്വത്തോടെ ഉപയോഗിക്കാൻ പഠിപ്പിക്കുക<br>* ഓൺലൈൻ ഭീഷണികളിൽ നിന്ന് സ്വയം സംരക്ഷിക്കാനുള്ള അറിവും കഴിവുകളും നൽകുക<br>*സ്ക്രീൻ ടൈം നിയന്ത്രിക്കാനും ഡിജിറ്റൽ ആസക്തി ഒഴിവാക്കാനും സഹായിക്കുക<br>*ഓൺലൈനിൽ ലഭിക്കുന്ന വിവരങ്ങൾ വിലയിരുത്താനും വ്യാജവാർത്തകൾ തിരിച്ചറിയാനും പരിശീലിപ്പിക്കുക | ബോധവൽക്കരണ ക്ലാസുകൾ<br>സുരക്ഷിതമായ പാസ്‌വേഡുകൾ ഫിഷിങ് ഇമെയിലുകൾ തിരിച്ചറിയൽ ആന്റിവൈറസ് സോഫ്റ്റ്‌വെയറുകളുടെ പ്രാധാന്യം എന്നിവയെ കുറിച്ച് അധ്യാപകർ ക്ലാസ് നടത്തി<br>സോഷ്യൽ മീഡിയ പ്ലാറ്റ്‌ഫോമുകളിലെയും മറ്റ് ആപ്ലിക്കേഷനുകളെയും സ്വകാര്യത ക്രമീകരണങ്ങളെ കുറിച്ച് വിദ്യാർത്ഥികളെ പഠിപ്പിച്ചു<br>ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ അച്ചടക്കത്തെ കുറിച്ച് ബോധവൽക്കരണം നടത്തി വിദ്യാർത്ഥികളും പങ്കെടുത്തു<br>ഡിജിറ്റൽ ഡിറ്റോക്സ് ഒരു നിശ്ചിത സമയത്തേക്ക് ഡിജിറ്റൽ ഉപകരണങ്ങളിൽ നിന്നും വിദ്യാർഥികളുടെ മാറിനിൽക്കാൻ പ്രോത്സാഹിപ്പിച്ചു |
| ആറാം ദിവസം | പൊതുമുതൽ സംരക്ഷണം<br>09.06.25 | *പൊതുമുതൽ എന്താണെന്ന് അത് എങ്ങനെ നമ്മുടെ ദൈനംദിനം ജീവിതത്തെ സഹായിക്കുന്ന. വിദ്യാർത്ഥികളെ മനസ്സിലാക്കുക<br>*പൊതു മുതൽ നശിപ്പിക്കുന്നതിന്റെ ദൂഷ്യവശങ്ങളും നിയമപരമായ പ്രത്യാഘാതങ്ങളും ബോധ്യപ്പെടുത്തുക, കടമയാണെന്ന് പഠിപ്പിക്കുക<br>*സ്കൂൾ തന്നെ പൊതുമുതൽ സംരക്ഷണത്തിൽ ഒരു മാതൃകയായി മാറുകയും വിദ്യാർത്ഥികളും പ്രചോദനം നൽകുകയും ചെയ്യുക | ബോധവൽക്കരണ ക്ലാസ്<br>പൊതുമുതൽ എന്താണ് അത് എങ്ങനെയാണ് സമൂഹത്തിന് ഉപകാരപ്പെടുന്നത് എന്നതിനെ കുറിച്ച് അധ്യാപകർ ക്ലാസുകൾ സംഘടിപ്പിച്ചു<br>പോസ്റ്റർ നിർമ്മാണം<br>"എന്റെ സ്കൂൾ എന്റെ സ്വത്ത്"<br>"പൊതു മുതൽ നമ്മുടെയെല്ലാം"<br>തുടങ്ങിയ സന്ദേശങ്ങളുടെ പോസ്റ്ററുകൾ നിർമ്മിച്ചു |

| | | | |
|---|---|---|---|
| ഏഴാം ദിവസം | റാഗിംഗ് വൈകാരിക നിയന്ത്രണം ഇല്ലായ്മ പരസ്പര സഹകരണത്തിന്റെ പ്രാധാന്യം<br>11.06.25 | *റാഗിംഗ് എന്താണെന്ന് അതിൻറെ ദോഷവശങ്ങൾ എന്തൊക്കെയാണെന്ന് വിദ്യാർഥികളെ മനസ്സിലാക്കുക<br>*റാഗിംഗ് അനുഭവിക്കുന്നവരെയും കാണുന്നവരെയും റിപ്പോർട്ട് ചെയ്യാൻ പ്രേരിപ്പിക്കുക<br>*റാഗിംഗ് സാഹചര്യങ്ങൾ നേരിടാൻ വിദ്യാർഥികളെപ്രാപ്തരാക്കുക<br>*സ്വന്തം വികാരങ്ങളെയും മറ്റുള്ളവരുടെ വികാരങ്ങളെയും തിരിച്ചറിയാനും മനസ്സിലാക്കാനും വിദ്യാർഥികളെ പഠിപ്പിക്കുക<br>*മറ്റുള്ളവരുടെ വികാരങ്ങളെ മനസ്സിലാക്കാനും അവരുടെ സഹാനുഭൂതിയുടെ പെരുമാറാനും പഠിപ്പിക്കുക | ബോധവൽക്കരണ ക്ലാസ്<br>റാഗിങ്ങിന്റെ വിവിധ രൂപങ്ങൾ (ശാരീരികം വാചകം സൈബർ ) അതിൻറെ ഇരകൾക്കും റാഗ് ചെയ്യുന്നവർക്ക് സമൂഹത്തിൽ ഉണ്ടാകുന്ന ദൂഷ്യഫലങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസുകൾ സംഘടിപ്പിച്ചു<br>ആൻറിറാഗിംഗ് സ്ക്വാഡ്<br>അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടുന്ന ഒരു ആൻറി റാഗിംഗ് കമ്മിറ്റി രൂപീകരിച്ചു വികാരങ്ങളെ കുറിച്ചും അവയെ കൈകാര്യം ചെയ്യേണ്ട രീതികളെ കുറിച്ചും കൗൺസിലറുടെ നേതൃത്വത്തിൽ ക്ലാസുകൾ സംഘടിപ്പിച്ചു |

ഉപസംഹാരം

**സ്കൂൾതല പരിപാടികളുടെ പ്രാധാന്യം**

നമ്മൾ ചർച്ച ചെയ്ത എല്ലാ സ്കൂളുകളിലെ പരിപാടികളും( മയക്കുമരുന്ന ലഹരി ....etc)തുടങ്ങിയ എല്ലാം തന്നെ ഉത്തരവാദിത്വബോധമുള്ള ,ആരോഗ്യവാന്മാരായ, അച്ചടക്കമുള്ള ,സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരെ വാർത്തെടുക്കുക എന്നൊരൊറ്റ ലക്ഷ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ഈ പരിപാടികൾ വെറും പാഠ്യ വിഷയങ്ങൾ എന്നതിലുപരി വിദ്യാർഥികളുടെ സമഗ്രമായ വികസനത്തിന് അത്യന്താപേക്ഷിതമാണ് . ഓരോ കുട്ടിയുടെയും വ്യക്തിഗത വളർച്ചയ്ക്ക് സഹായിക്കുന്ന വിഷയങ്ങളെക്കുറിച്ച് ശരിയായ ധാരണകൾ നൽകുകയും ചെയ്യുന്ന വ്യക്തിഗത ശുചിത്വം മുതൽ വ്യായാമം വരെയുള്ള കാര്യങ്ങളിൽ നല്ല ശീലങ്ങൾ വളർത്തുന്നു പൊതുമുതൽ സംരക്ഷിക്കാനും പരിസ്ഥിതിയെ പാലിക്കാനും പരസ്പര സഹകരിക്കാനും പഠിപ്പിക്കുന്നു ലഹരി റാഗിംഗ് റോഡ് അപകടങ്ങൾ സൈബർ ഭീഷണികൾ എന്നിവയിൽ നിന്ന് സ്വയം സംരക്ഷിക്കുന്നതിനവരെ പ്രാപ്തരാക്കുന്നു വികാരങ്ങൾ നിയന്ത്രിക്കാനും മാനസിക സമ്മർദ്ദങ്ങളെ

അതിജീവിക്കാനും സഹായിക്കുന്ന സ്കൂൾ എന്നത് അക്കാദമിക പഠനത്തിനുവേണ്ടിയുള്ള ഒരു വേദി മാത്രമല്ല ഓരോ വ്യക്തിയും ഭാവിയിലേക്ക് സജ്ജമാകുന്ന ഒരു കളരി കൂടിയാണ് ഈ പരിപാടികളിലൂടെ വിദ്യാർഥികൾക്ക് ലഭിക്കുന്ന അറിവും അനുഭവങ്ങളും അവർക്ക് ജീവിതത്തിൽ നേരിടേണ്ടി വരുന്ന വെല്ലുവിളികൾ ആത്മവിശ്വാസത്തോടെ നേരിടാൻ കരുത്ത് പകരും ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ അടിത്തറ കെട്ടിപ്പടുക്കുന്നത് ഓരോ കുട്ടിയുടെയും വളർച്ചയിലൂടെയാണ് ശാരീരികവും മാനസികവും ആയ ആരോഗ്യത്തോടെ

വളരട്ടെ പുതുതലമുറ. നമുക്കൊന്നായ് കൈകോർക്കാം

പുതിയൊരു കേരള സൃഷ്ടിക്കായ് ഭാവിഭാരതവാഗ്ദാനങ്ങൾക്കായ്

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം - 2025

## പ്രവർത്തന റിപ്പോർട്ട്

UP തലം.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഗവ: ഹൈസ്കൂൾ മഞ്ഞടമ്പേരിയിൽ 2025-26 അധ്യയന വർഷം ജൂൺ 3 മുതൽ ജൂൺ 13ാം തീയതി വരെ UP വിഭാഗം ക്ലാസ്സുകളിൽ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ജൂൺ 3ാം തിയതി ചൊവ്വാഴ്ച മുതൽ ഒരു ദിവസം ഒരു മണിക്കൂർ എന്ന രീതിയിൽ ഓരോ ക്ലാസിലും മൊഡ്യൂൾ പ്രകാരം വൈവിധ്യമാർന്ന പഠന-പ്രവർത്തനങ്ങൾ നടന്നു.

**ലക്ഷ്യങ്ങൾ**

കുട്ടികളുടെ സമഗ്രവികാസം ലക്ഷ്യം വെച്ച് കൊണ്ട് ജൂൺ 3 മുതൽ 13 വരെ GHS മഞ്ഞടമ്പേരിയിൽ നടന്ന പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങൾ.

- കുട്ടികളിൽ മാനസിക ഉല്ലാസം വളർത്തുക.
- കുട്ടികളുടെ ശാരീരിക ക്ഷമതയും, കായിക-ക്ഷമതയും വർദ്ധിപ്പിക്കുക.
- ലഹരിക്കെതിരായ പോരാട്ടത്തിൽ കുട്ടികളെ-ക്കൂടി പങ്കാളികളാക്കുക.
- ശുചിത്വശീലങ്ങളും, മാലിന്യസംസ്കരണ രീതികളെയും, പ്രവർത്തനങ്ങളെയും കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.

- ഹരിതവിദ്യാലയം പ്രവർത്തനങ്ങൾ നടത്തുന്നതിനായി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക.
- സ്കൂൾ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.
- റോഡ് സുരക്ഷാ നിയമങ്ങളെക്കുറിച്ചും അവ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുക.
- വിവിധ കളികളിലൂടെ കുട്ടികളിൽ ഉൾക്കാഴ്ച നേടുക.
- പോഷകാഹാരം കഴിക്കേണ്ടതിന്റെ പ്രാധാന്യം, ആരോഗ്യശീലങ്ങളും, ആരോഗ്യമര്യാദകളും പാലിക്കേണ്ടതിന്റെ ആവശ്യകത എന്നിവ കുട്ടികളിൽ ബോധ്യപ്പെടുത്തുക.
- കുട്ടികൾ നേരിടുന്ന മാനസിക സമ്മർദ്ദങ്ങളെ ലഘൂകരിക്കുകയും, പരിഹാരം കണ്ടെത്തുകയും ചെയ്യുക.
- മാനസികോല്ലാസ മോട്ടിവേഷൻ ക്ലാസ്സ് നടത്തി.
- ഡിജിറ്റൽ അച്ചടക്കം പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.
- പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കുട്ടികളെ മനസ്സിലാക്കുക.
- പരസ്പര സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും മൂല്യങ്ങളും, ആവശ്യകതയും കുട്ടികളെ ബോധ്യപ്പെടുത്തുക.

ഒന്നാം ദിവസം (3/6/2025)

മയക്കുമരുന്ന് / ലഹരി ഇവ ഉപയോഗിക്കില്ല എന്ന നിലപാട് കുട്ടികളിൽ ഉണ്ടാക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങളാണ് ക്ലാസുകളിൽ നടത്തിയത്.

- ലഹരിവിരുദ്ധ പോസ്റ്റർ / പ്രതിജ്ഞ, ലഹരി വിരുദ്ധ സ്കിറ്റ്, പ്ലക്കാർഡ് നിർമ്മാണം, ഡിജിറ്റൽ സംവിധാനത്തിലൂടെ ലഹരിവിരുദ്ധ വീഡിയോ പ്രദർശനം എന്നിവ നടത്തി.

- വിവിധ സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികൾ ലഹരി ഉണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ചും, അതിനെതിരായ അവരുടെ അഭിപ്രായങ്ങളും ധാരണകളും ചർച്ചയിലൂടെ പങ്കുവെച്ചു. അധ്യാപിക ക്രോഡീകരിച്ചു.

രണ്ടാം ദിവസം (4/06/2025).

- റോഡപകടങ്ങൾ അമിതമായി നടക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ച് ഗ്രൂപ്പ് തല ചർച്ച നടത്തി. കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാനായി കുട്ടികളിൽ നിന്ന് തന്നെ Moderator നെ തെരഞ്ഞെടുത്തി. ഗ്രൂപ്പ് leaders ക്രോഡീകരിച്ചു.

- Road safety magazine തയ്യാറാക്കി.

- റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സ്കിറ്റ് അവതരണം നടത്തി.

• റോഡ് സുരക്ഷാ നിയമങ്ങളും, മര്യാദകളും എന്ന വിഷയത്തിൽ അധ്യാപകർ ക്ലാസ്സെടുത്തു.

• ഒരാഴ്ചത്തെ ദിനപത്രങ്ങളിൽ വരുന്ന റോഡപകട വാർത്തകളും, ചിത്രങ്ങളും ശേഖരിച്ച് കൊളാഷ് നിർമ്മാണം.

## മൂന്നാം ദിവസം 5/06/2025.

• വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയു മായി ബന്ധപ്പെട്ട റോൾപ്ലേ നടത്തി. [വിഷയം: ദിനചര്യയും വ്യക്തിശുചിത്വവും]

• ഹരിതവിദ്യാലയവുമായി ബന്ധപ്പെട്ട് ക്ലാസ്സ്റൂം, സ്കൂൾ ക്യാമ്പസ് സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. കുട്ടികൾ ചെറുചട്ടികളിലായി കൊണ്ടുവന്ന ചെടികൾ ഉപയോഗിച്ച് ചെറുപൂന്തോട്ടം സജ്ജീകരിച്ചു.

• ഹരിതവിദ്യാലയം പദ്ധതിയുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് ബോട്ടിലുകൾ മാറ്റി പകരം സ്റ്റീൽ കുപ്പിക-ളിൽ കുടിവെള്ളം കൊണ്ട്‌വരാൻ കുട്ടികൾക്ക് നിർദ്ദേശം നൽകി.

• പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ, പ്ലക്കാർഡ് നിർമ്മാണം, പോസ്റ്റർ രചനാ-മത്സരം എന്നിവ നടത്തി.

## നാലാം ദിവസം (09/06/2025)

• കുട്ടികളുടെ സഹായത്തോടെതന്നെ ക്ലാസുകളിൽ വ്യായാമമുറകൾ പരിശീലിപ്പിച്ചു.

• സ്കൂളിലെ ടർഫ് സൗകര്യം ഉപയോഗിച്ച് കൊണ്ട് കുട്ടികളുടെ ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി.

• 6ാം ക്ലാസിലെ അടിസ്ഥാനശാസ്ത്രം Food for health' എന്ന പാഠവുമായി ബന്ധപ്പെട്ട് പോഷകാഹാരവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം നടത്തി.

• വീട്ടിലെ നാടൻഭക്ഷണവും, Fast food ഉം എന്ന വിഷയത്തിൽ ഡിബേറ്റ് നടത്തി.

• ശരിയായ രീതിയിലുള്ള കൈകഴുകലും, ദന്തസംരക്ഷണവും വീഡിയോ പ്രദർശനം നടത്തി.

• ദന്തശുചീകരണം Roleplay നടത്തി.

• പഞ്ചേന്ദ്രിയ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അധ്യാപിക ക്ലാസ്സുകൾ നൽകി.

5ാം ദിനം 10/6/2025

• സോഷ്യൽ മീഡിയയുടെ ഉപയോഗത്തിൽ പാലിക്കേണ്ട ഡിജിറ്റൽ അച്ചടക്കത്തെക്കുറിച്ച് സംവാദം നടത്തി.

• ഏറെനേരം ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എന്ന വിഷയത്തിൽ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ചർച്ച നടത്തി.

• സൈബർ ബുള്ളിയിംഗ്, സൈബർ ഗ്രൂമിംഗ് തുടങ്ങിയ സൈബർ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷാനടപടികളെക്കുറിച്ച് ഉദാഹരണ സഹിതം ബോധ്യപ്പെടുത്തി.

• പ്രവർത്തന നിരതരാക്കാനായി കുട്ടികളെ വിവിധ ക്ലബ്ബുകളിൽ പങ്കാളികളാക്കി

eg: കാർഷിക ക്ലബ്ബ്.

• outdoor activities ൽ ഏർപ്പെടാൻ പ്രോത്സാഹനം നടത്തി.

• library സന്ദർശനം നടത്തുകയും വായനാമൂല പുനക്രമീകരിക്കുകയും ചെയ്തു.

• വായനാക്കളരി നടത്തി.

11/06/2025

• പൊതുമുതൽ പട്ടികപ്പെടുത്തി. അവ സംരക്ഷിക്കേണ്ടത് ഓരോ കുട്ടിയുടെയും ഉത്തരവാദിത്തമാണെന്ന് സ്വയം മനസ്സിലാക്കുകയും ചെയ്തു.

• അവരവരുടെ സാധനസാമഗ്രികൾ അടുക്കും ചിട്ടയോടും കൂടി യഥാസ്ഥാനത്ത് സൂക്ഷിക്കുന്നത് മൂലമുള്ള ഗുണങ്ങൾ കുട്ടികൾ സ്വയം തിരിച്ചറിയുന്നതിനുള്ള Roleplay നടത്തി.

• മുഴുവൻ കുട്ടികളെയും ശുചിത്വ ക്ലബ്ബുകളിൽ അംഗങ്ങളാക്കുകയും, അവർക്കുള്ള വിവിധ ശുചീകരണ ചുമതലകൾ വിഭജിച്ച് നൽകുകയും ചെയ്തു. കുട്ടികളുടെ പങ്കാളിത്തത്തോടെ കൃത്യമായി ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

12/06/2025.

• പരസ്പര സഹകരണത്തിന്റെയും, സൗഹൃദത്തിന്റെയും പ്രാധാന്യം വ്യക്തമാക്കുന്ന ഗുണപാഠ കഥകൾ അവതരിപ്പിച്ചു.

• കുട്ടികളുടെ അനുഭവങ്ങൾ പങ്കുവെച്ചു.

• ഇന്ന വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾ കണ്ട സിനിമയെക്കുറിച്ച് ചർച്ച ചെയ്യുന്നു.

13/06/2025.

## പൊതുക്രോഡീകരണം. [നേട്ടങ്ങൾ]

3/06/2025 മുതൽ 13/06/2025 വരെ നടന്ന സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടിയുടെ ഫലമായി കുട്ടികളുടെ മാനസിക ഉല്ലാസം വർദ്ധിക്കുകയും മാനസിക സമ്മർദ്ധം കുറയുകയും ചെയ്തു. കൂടാതെ വിവിധ കായികപ്രവർത്തനങ്ങളിലൂടെ കായികക്ഷമത വർദ്ധിപ്പിക്കാനും കഴിഞ്ഞു.

• ലഹരി ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക വഴി അതിൽ നിന്നും പിന്തിരിഞ്ഞു നിൽക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുകയും, അതിന്റെ അപകടസാധ്യതകൾ തിരിച്ചറിയുകയും ചെയ്തു.

• വ്യക്തിശുചിത്വം, പരിസരശുചിത്വം, സ്കൂൾ ഹരിതാഭമാക്കൽ പ്രവർത്തനങ്ങളിൽ കുട്ടികൾ ഉത്സാഹത്തോടെ പങ്കെടുത്തു. പൂന്തോട്ടനിർമ്മാണം കുട്ടികളുടെ മാനസിക ഉല്ലാസ പ്രവർത്തനങ്ങൾക്ക് ഉത്തമോദാഹരണമാണ്.

• കൃത്യമായ സമയങ്ങളിൽ പോഷകാഹാരം ശരിയായ അളവിൽ കഴിക്കുന്നത് തങ്ങളുടെ ആരോഗ്യം നിലനിർത്തുമെന്ന് കുട്ടികൾ തിരിച്ചറിഞ്ഞു.

• ശരിയായ ആരോഗ്യശീലങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകത കുട്ടികൾ മനസ്സിലാക്കുകയും അത് കുട്ടികളിൽ നടപ്പിലാക്കിയും വരുന്നു.

• റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുക വഴി റോഡ് നിയമങ്ങൾ പാലിക്കാൻ കുട്ടികൾ പരിശീലിച്ചു. പൊതുമുതലുകൾ ഏതൊക്കെയാണെന്ന് കുട്ടി തിരിച്ചറിയുകയും അത് സംരക്ഷിക്കേണ്ടത് തന്റെ ഉത്തരവാദിത്തമാണെന്നും കുട്ടി തിരിച്ചറിഞ്ഞു.

• സമൂഹ മാധ്യമങ്ങളുടെ അമിതോപയോഗം കുട്ടികളുടെ സ്വയം വളർച്ചയെ മുരടിപ്പിക്കുമെന്നും ഒപ്പം അതിലൂടെ ഒരുപാട് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്നും കുട്ടി തിരിച്ചറിഞ്ഞു. സമയക്രമം പാലിച്ച് മാത്രമേ digital ഉപകരണങ്ങൾ ഉപയോഗിക്കൂ എന്നും കുട്ടികൾ തീരുമാനമെടുത്തു.

• ക്ലാസ്മുറികളിലെ പരസ്പര സഹകരണത്തോടെ സൗഹൃദാന്തരീക്ഷം വെച്ചപ്പെടുത്തി പരസ്പരം സഹായിക്കുന്നതിനുള്ള മനോഭാവം വളർത്തി.

# ഗവ. ഹൈസ്കൂൾ, മഞ്ചേരി

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി - പ്രാരംഭ പ്രവർത്തനങ്ങൾ

## എൽ.പി. വിഭാഗം - റിപ്പോർട്ട്

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടികളിൽ ഉണ്ടാവേണ്ട ധാരണകൾ വികസിപ്പിക്കാനുള്ള പ്രവേശന പ്രവർത്തനങ്ങൾ 2025 ജൂൺ 3 മുതൽ 13 വരെ ദിവസവും 1 മണിക്കൂർ വീതം എല്ലാ ക്ലാസുകളിലും വളരെ ഭംഗിയോടെയും, കാര്യക്ഷമമായും നടപ്പിലാക്കാൻ സാധിച്ചു. 31.05.2025 ന് ചേർന്ന S.R.G. യോഗത്തിൽ വിശദമായ മൊഡ്യൂളുകൾ തയ്യാറാക്കുകയും, പ്രവർത്തനങ്ങൾ നടപ്പാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധ്യാപകർക്ക് നൽകുകയും ചെയ്തു.

ഒന്നാം ദിവസം (3.6.2025) പൊതുവിഷയങ്ങളാണ് കൈകാര്യം ചെയ്തത്. കൂട്ടുകാരെ പരിചയപ്പെടൽ/അറിയൽ, അവധിക്കാല അനുഭവം പങ്കുവയ്ക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ നടത്തി. സ്കൂളിനെ അറിയുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് സ്കൂളും, പരിസരവും നിരീക്ഷിക്കാൻ അവസരം നൽകി. ഓഫീസ് റൂം, സ്റ്റാഫ് റൂം, ലൈബ്രറി, കളിസ്ഥലം, പൂന്തോട്ടം, ലാബുകൾ, അടുക്കള തുടങ്ങിയ ഇടങ്ങൾ സന്ദർശിച്ചു. സ്കൂളിലെ കുടിവെള്ള സംവിധാനം, മാലിന്യ-സംസ്കരണ സംവിധാനം എന്നിവ കുട്ടികൾ കണ്ടു മനസ്സിലാക്കി. വിദ്യാലയത്തിലെ സൂചനാബോർഡുകൾ എവിടെയൊക്കെ? അതിലെ രേഖപ്പെടുത്തലുകൾ എന്തൊക്കെ? അപകടസാധ്യതകൾ എവിടെയെങ്കിലും ഉണ്ടോ? തുടങ്ങിയ കാര്യങ്ങൾ നിരീക്ഷിച്ചു. തുടർന്ന് 'കുട്ടി എന്ന നിലയിൽ വ്യക്തിസംരക്ഷിതത്വം, ആരോഗ്യസംരക്ഷണം, പകർച്ചവ്യാധികൾ വരാതെ ശ്രദ്ധിക്കാൻ, ശുചിത്വത്തിന്റെ പ്രാധാന്യം, ടോയ്‌ലറ്റ് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ചും കുട്ടികൾക്ക്

അവബോധം നൽകി. 'എന്റെ സ്കൂൾ' എന്ന തലക്കെട്ടിൽ കുറിപ്പെഴുതുകയും ചിത്രം വരയ്ക്കുകയും ചെയ്തു. തുടർന്ന് ചിത്രപ്രദർശനവും നടത്തി.

രണ്ടാം ദിവസം (4.6.2025) വിവിധ ഗതാഗതസംവിധാനങ്ങളെ - കുറിച്ചും, അവ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങളെ കുറിച്ചും കുട്ടികൾക്ക് വ്യക്തമായി അവബോധം നൽകാൻ സാധിച്ചു. റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (റോഡിലൂടെ നടക്കേണ്ട രീതി, റോഡ് മുറിച്ചു കടക്കേണ്ടതെങ്ങനെ? നിർത്തിയിട്ട വാഹനങ്ങളുടെ മുന്നിലൂടെയും, പുറകിലൂടെയും റോഡ് മുറിച്ചു കടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്രാക്രോസിങ്ങിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ, ...) ചർച്ച ചെയ്തു. സ്കൂൾ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, പാലിക്കേണ്ട രീതികൾ, മറ്റ് വാഹനങ്ങളിൽ കയറുമ്പോൾ, യാത്ര ചെയ്യുമ്പോൾ, ഇറങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, റെയിൽവേ ക്രോസ് മുറിച്ചു കടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയും ചർച്ച ചെയ്തു. സ്കൂൾ കോമ്പൗണ്ടിൽ കുട്ടികൾ തന്നെ വാഹനങ്ങളായും, കാൽനടക്കാരായും അഭിനയിച്ച് അവർ മനസ്സിലാക്കിയ റോഡ്/ഗതാഗത നിയമങ്ങൾ ആവിഷ്കരിച്ചു. വർധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കാൻ വളരെ ചെറിയ ക്ലാസ്സു മുതൽ തന്നെ കുട്ടികൾക്ക് അവബോധം നൽകുന്നത് തീർച്ചയായും ഏറെ ഫലപ്രദമാണ്. 'സുരക്ഷിതയാത്ര' വീഡിയോ എല്ലാ ക്ലാസ്സുകളിലും പ്രദർശിപ്പിച്ചു.

മൂന്നാം ദിവസം (5.6.2025) പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി. വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിതക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം എന്നീ വിഷയങ്ങൾക്ക് ഊന്നൽ നൽകി. കുട്ടികൾ പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയ്യാറാക്കി. പരിസ്ഥിതിദിന ക്വിസ്, റാലി.

പോസ്റ്റർ പ്രദർശനം, വീട്ടിലെത്തുമ്പോൾ പഠനം എന്നിവ സംഘടിപ്പിച്ചു.
വ്യക്തിശുചിത്വം പരിസരശുചിത്വം എന്നിവയ്ക്ക് നൽകേണ്ട പ്രാധാന്യത്തിന്
ഊന്നൽ നൽകുകയും, ജീവിതരീതി, ജീവിതശൈലി, മനോഭാവം
എന്നിവയിൽ ശാസ്ത്രീയമായ സമീപനം കൈക്കൊള്ളുന്നതിന്റെ ആവശ്യകത
കുട്ടികളെ ബോധ്യപ്പെടുത്താനും മൂന്നാംദിന പ്രവർത്തനങ്ങളിലൂടെ സാധിച്ചു.
ശുചിത്വ സർവ്വേ കുട്ടികൾക്ക് വളരെ പ്രയോജനകരമായിരുന്നു.

- നാലാം ദിവസം (9.6.2025) വിനിമയം ചെയ്ത - പൊതു ആരോഗ്യം -
പോഷണം, ശുചിത്വം, വ്യായാമം, നല്ല ഉറക്കശീലം, മനസ്സിന്റെ സന്തോഷം,
ആരോഗ്യ മര്യാദകൾ എന്നിവയെല്ലാം, അവയുമായി ബന്ധപ്പെട്ട തലക്കെട്ടുകൾ
പാഠം വരെ ശ്രദ്ധ, പോഷകാഹാരം, കണ്ണിന്റെ ആരോഗ്യം,
ദന്ത സംരക്ഷണം, വ്യായാമം, മാനസിക ആരോഗ്യം, മൃഗങ്ങളുമായി
ഇടപഴകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഉറക്കം - ഇടങ്ങിയവ
കുട്ടികൾക്ക് വളരെയധികം പ്രയോജനകരമായിരുന്നു. Zumba Dance
കുട്ടികൾക്ക് പുതിയൊരു അനുഭവമായിരുന്നു.

അഞ്ചാംദിവസം (10.6.2025) ഡിജിറ്റൽ അച്ചടക്കം -
ടെലിവിഷൻ / മൊബൈൽ ഫോൺ / ടാബ് എന്നിവയുടെ ശരിയായ
ഉപയോഗം എങ്ങനെ? ഫലപ്രദമായി ഈ മാധ്യമങ്ങൾ ഉപയോഗിക്കേണ്ടത്
എങ്ങനെ? ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗം ഉണ്ടാക്കുന്ന
പ്രശ്നങ്ങൾ എന്നിവയിൽ ധാരണ നൽകാൻ കഴിഞ്ഞു. രക്ഷിതാക്കളുമായി
ഈ വിഷയങ്ങളെക്കുറിച്ച് സംവദിക്കുകയും, ഇന്നത്തെ കാലഘട്ടത്തിൽ
കുട്ടികളുമായി കൂടുതൽ സമയം ചെലവഴിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച്
ബോധ്യപ്പെടുത്തുകയും ചെയ്തു.

ആറാം ദിവസം (11.6.2025) പൊതുമുതൽ സംരക്ഷണത്തിന്റെ
ആവശ്യകതയും, അനിവാര്യതയും എന്തെന്ന് കുട്ടികൾക്ക് മനസ്സി
ലാക്കിയെടുക്കാൻ കഴിഞ്ഞു. സ്വന്തം സാധനങ്ങൾ അടുക്കും, ചിട്ടയോടും

സൃഷ്ടിക്കുന്നതിനോടൊപ്പം തന്നെ ക്ലാസിലെ ഉപകരണങ്ങൾ, സ്കൂൾ കെട്ടിടവും. അതിനോടനുബന്ധിച്ചുള്ള എല്ലാ സംവിധാനങ്ങളും പൊതു മുതലാണെന്നും, അത് സംരക്ഷിക്കേണ്ടത് തന്റെ കൂടി ചുമതലയാണെന്നും കുട്ടികളെ ബോധവാൻമാരാക്കാൻ കഴിഞ്ഞു. 'എന്റെ സ്കൂൾ' എന്ന തലക്കെട്ടിൽ കുറിപ്പ് തയ്യാറാക്കാനുള്ള പ്രവർത്തനം നടത്തി.

ഏഴാം ദിവസം (12.6.2025) പരസ്പരസഹകരണത്തിന്റെ പ്രാധാന്യം പരസ്പരസഹകരണം വ്യക്തി ജീവിതത്തിനും, സാമൂഹിക ജീവിതത്തിനും അനിവാര്യമാണെന്ന തിരിച്ചറിവ് കുട്ടികളിൽ ഉണർത്താൻ സഹായകമായിരുന്നു. പരസ്പരസഹകരണം വിഷയമായി വരുന്ന റോൾപ്ലേകൾ ക്ലാസുകളിൽ നടത്തി.

എട്ടാം ദിവസം (13.6.2025) മുൻ ദിവസങ്ങളിൽ ക്ലാസുകളിൽ നടന്ന പ്രവർത്തനങ്ങൾ വഴി കുട്ടികളിലുണ്ടായ ധാരണകളുടെ പൊതുക്രോഡീകരണം നടത്തി. കുട്ടികളിൽ മേൽവിഷയങ്ങളിലുണ്ടായിട്ടുള്ള പുതിയ അറിവുകളിലൂടെ വീണ്ടും കടന്നുപോയി.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി 2025-2026 അധ്യയനവർഷത്തിന്റെ പ്രാരംഭത്തിൽ തന്നെ ഈ പ്രവർത്തന പാക്കേജ് വളരെ മികവോടെ, അങ്ങേയറ്റം പ്രയോജനകരമായ രീതിയിൽ കുട്ടികളിലെത്തിക്കാൻ ഗവ. ഹൈസ്കൂൾ മഞ്ചേരിയുടെ L.P. വിഭാഗത്തിന് കഴിഞ്ഞു. തുടർന്ന് പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ ഈ മൊഡ്യൂളും, അനുബന്ധ ഉപാധികളും പ്രയോജനപ്പെടുത്തുന്നതാണ്.

GHS Mannancherry
LP

# ഭാഷ

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും<br>പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി. | SMC |
| | 2) അമ്മ പറയട്ടെ<br>അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസത്തിലൊ<br>രിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | മദർ പി.ടി.എ. |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടഞഋ<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

# മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യ മായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യൂ<br>മെന്ററിയിലൂടെ<br>നേടൽ (ICT) | പാഠഭാഗങ്ങളു മായി<br>ബന്ധപ്പെട്ട വിവിധ<br>വീഡിയോകൾ<br>സംഘടിപ്പിക്കൽ.<br>പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ<br>രണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന<br>(നാടൻ) ഭക്ഷണ<br>ങ്ങൾ പരിചയപ്പെ<br>ടൽ | ഭക്ഷ്യമേള -<br>പാചക കുറിപ്പട<br>ങ്ങിയ പതിപ്പ്<br>നിർമ്മാണം.<br>ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ<br>രുടെ ജന്മ- ചരമ<br>ദിനാചരണങ്ങൾ<br>സംഘടിപ്പിക്കൽ<br>അടുത്തറിയൽ | ഓർമ്മദിനങ്ങൾ<br>ആചരിക്കൽ -<br>ഡോക്യുമെന്ററി<br>പ്രദർശനം -<br>പുസ്തക പരിചയം<br>- ക്വിസ് ലഘു പ്രഭാ<br>ഷണം ജീവിതരേഖ<br>തയ്യാറാക്കൽ പതിപ്പ്<br>നിർമ്മാണം -<br>പ്രദർശനം | ആവശ്യാനുസ<br>രണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി<br>ബന്ധപ്പെട്ട കലകൾ<br>- നേരിട്ടറിയൽ | പ്രദേശവാസികളായ<br>കലാകാരന്മാരുടെ<br>സേവനം ക്ലാസ്<br>മുറിയിലേക്ക്<br>കലാവതരണം. കല<br>യുമായി ബന്ധപ്പെട്ട<br>ഉപകരണങ്ങൾ, ചിത്ര<br>യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന<br>ത്തിന്റെ ഭാഗമായി<br>നേടിയ ശേഷികൾ<br>ആത്മവിശ്വാസ<br>ത്തോടെ അവതരി<br>പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ<br>ശേഷികളുടെ<br>പ്രദർശനം | വർഷത്തിലൊരി<br>ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

GHS Mannancherry
LP

# ഗണിതം

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | ടഞഏ | |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ് | സപ്തംബർ | ക്ലാസ് ടീച്ചർ | SSA |
| | 3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | |

മേഖല - അക്കാദമികം ൩൦

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# GHS Mannancherry

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- സംഖ്യകൾ മൂല്യനിർണയം ചോദ്യങ്ങളും പാമ്പും . ഡയസ് കളി സങ്കലനം- വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം.** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര കൗശല ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗികമൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | [illegible]<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# GHS Mannancherry
# LP

## പരിസരപഠനം

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG<br>SMC | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇല | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശമ.<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പാഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# UP

# Arabic

## Academic
## Masterplan

# അക്കാദമിക് മാസ്റ്റർ പ്ലാൻ.

## ആമുഖം:

ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ള ഉപാധികൾ മാത്രമല്ല. ഓരോ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയത്തുടിപ്പുകളാണ്. അറിവിന്റെയും അവസരത്തിന്റെയും പുതിയ ലോകങ്ങളിലേക്ക് അവ വാതായനങ്ങൾ തുറക്കുന്നു. ഈ കാഴ്ചപ്പാടിൽ അപ്പർ പ്രൈമറി ക്ലാസുകളിലെ [5,6,7] വിദ്യാർത്ഥികൾക്ക് അറബി ഭാഷാ പഠനം ഒരു പുതിയ അനുഭവമാണ് നൽകുന്നത്. ലോകത്ത് ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിലൊന്നും സമ്പന്നമായ സാംസ്കാരിക പൈതൃകവുമുള്ള അറബി, നമ്മുടെ കുട്ടികൾക്ക് ഭാവിയിൽ വലിയ സാധ്യതകളാണ് തുറന്ന് തരുന്നത്.

പഠനത്തെ ഒരു ഭാരമാകാതെ കുട്ടികളുടെ സർഗ്ഗാത്മകവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്ന ഒരു മാധ്യമമാക്കി മാറ്റാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. നമ്മുടെ കുട്ടികൾക്ക് അറബി ഭാഷയെ സ്നേഹിക്കാനും അവരുടെ ദൈനം ദിന ജീവിതത്തിൽ അത് ഉപയോഗിക്കാനും ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും.

## വിഷൻ

അറബി ഭാഷയെ കേവലം ഒരു വിഷയമായി കാണാതെ, വിദ്യാർത്ഥികളിൽ ഭാഷയോടുള്ള സ്നേഹവും താൽപര്യവും വളർത്തി അതിന്റെ സാംസ്കാരികവും ആശയ വിനിമയപരവുമായ പ്രാധാന്യം മനസ്സിലാക്കി അടിസ്ഥാനപരമായ ഭാഷാശേഷികൾ (കേൾക്കൽ, സംസാരം, വായന, എഴുത്ത്) ആർജ്ജിക്കാൻ അവരെ പ്രാപ്തരാക്കുന്നു.

മിഷൻ :-

ദൈനംദിന ജീവിതത്തിൽ അറബിഭാഷ ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ഭാഷാ പഠനം ഒരു നല്ല അനുഭവമാക്കി മാറ്റുകയും ചെയ്യും.

പ്രധാന ലക്ഷ്യങ്ങൾ :-

* ശബ്ദജ്ഞാനം
* പദസമ്പത്ത് വികസിപ്പിക്കൽ
* സംഭാഷണ ശേഷി.
* വായന ശേഷി
* എഴുത്ത് ശേഷി.
* വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ.
* സാംസ്കാരിക അവബോധം..

പ്രധാന ലക്ഷ്യങ്ങളായ മുകളിൽ പറഞ്ഞവയെ അടിസ്ഥാനമാക്കിയുള്ള വിവിധ പ്രവർത്തനങ്ങൾ ക്ലാസ് തലങ്ങളിൽ നടത്തും....

ക്ലാസ് തലത്തിലുള്ള ലക്ഷ്യങ്ങൾ

ക്ലാസ് 5 :-

* അറബി അക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക.
* ഒറ്റ അക്ഷരങ്ങളും ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങളുള്ള വാക്കുകളും തിരിച്ചറിയുക.
* അടിസ്ഥാനപരമായ അഭിവാദ്യങ്ങളും വ്യക്തിഗത വിവരങ്ങളും അറബിയിൽ പറയാൻ പഠിക്കുക.
* ചിത്രങ്ങൾ ഉപയോഗിച്ച് ലളിതമായ അറബി വാക്കുകൾ പഠിക്കുക

* ചെറിയ പാട്ടുകളും ലളിതമായ സംഭാഷണങ്ങളും കേട്ട് മനസ്സിലാക്കാൻ ശ്രമിക്കുക.

ക്ലാസ്സ് 6 :-

* ചെറിയ അറബി വാക്യങ്ങൾ വായിച്ച് അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക.
* അടിസ്ഥാനപരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക.
* ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ മറുപടി പറയാനും ചോദ്യങ്ങൾ ചോദിക്കാനും പഠിക്കുക.
* ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക. ഉദ: ഭക്ഷണം, സ്കൂൾ...
* ചെറിയ ഖണ്ഡികകൾ വായിച്ച് പ്രധാന ആശയങ്ങൾ മനസ്സിലാക്കുക.
* ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക.

ക്ലാസ് 7 :-

* അറബി വാക്യങ്ങളും ചെറിയ കഥകളും വായിച്ച് മനസ്സിലാക്കുക.
* പദസമ്പത്ത് കൂടുതൽ വികസിപ്പിക്കുക.
* വിവിധ സാഹചര്യങ്ങളിൽ അറബിയിൽ സംഭാഷണങ്ങൾ നടത്താൻ തയ്യാറാകുക.
* അടിസ്ഥാനപരമായ വ്യാകരണങ്ങൾ മനസ്സിലാക്കുക. ഉദ: ഏകവചനം/ബഹുവചനം, പുല്ലിംഗം/സ്ത്രീലിംഗം
* ചെറിയ വിവരണങ്ങളും കത്തുകളും എഴുതാൻ പഠിക്കുക.

## പഠനരീതികൾ.

1. സംഭാഷണാത്മക പഠനം.

ചോദ്യോത്തരങ്ങൾ, സംഭാഷണങ്ങൾ, റോൾ പ്ലേ എന്നിവയിലൂടെ ഭാഷാപഠനം സജീവമാക്കുക.

2. കളിയിലൂടെ പഠനം.

ഗെയിമുകൾ, പസിലുകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക.

3. ദൃശ്യ - ശ്രാവ്യ പഠനം.

ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക.

4 കഥ പറച്ചിൽ.

ലളിതമായ അറബി കഥകൾ പറഞ്ഞ് കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക.

5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ.

വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം, വായന എഴുത്ത് എന്നിവ പരിശീലിപ്പിക്കുക.

6. സാങ്കേതിക വിദ്യയുടെ ഉപയോഗം.

അറബി ഭാഷാ പഠനത്തിനുള്ള ആപ്ലിക്കേഷനുകൾ, വെബ്സൈറ്റുകൾ, ഓൺലൈൻ നിഘണ്ടുകൾ എന്നിവ പരിചയപ്പെടുത്തുക.

7 ആശയ വിനിമയത്തിലൂന്നിയ പഠനം.

ഭാഷയെ ആശയ വിനിമയത്തിനുള്ള ഉപാധിയായി കണ്ട്, സംഭാഷണ ശേഷിക്ക് പ്രാധാന്യം നൽകുക.

8. പദ്ധതി അധിഷ്ഠിത പഠനം.

അറബിഭാഷയുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്ടുകൾ നൽകുക

[പദസമ്പത്ത് ചാർട്ട് ഉണ്ടാക്കുക, സംഭാഷണം അവതരിപ്പിക്കുക.

മൂല്യനിർണ്ണയം:-

* തുടർച്ചയായ മൂല്യനിർണ്ണയം : ക്ലാസ് റൂം പ്രവർത്തനങ്ങൾ, പങ്കാളിത്തം. നോട്ട് ബുക്ക് പരിശോധന എന്നിവയിലൂടെ
* നിരന്തരമായ വിലയിരുത്തൽ.
* ഫോർമേറ്റീവ് മൂല്യനിർണ്ണയം :- ക്വിസുകൾ, ചെറിയ ടെസ്റ്റുകൾ വാചിക പരീക്ഷകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.
* സമ്മേറ്റീവ് മൂല്യനിർണ്ണയം :- വാർഷിക പരീക്ഷകളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തു

പ്രവർത്തന കലണ്ടർ:

* ആഴ്ചതോറും :- സംഭാഷണ ക്ലാസുകൾ, പദസമ്പത്ത് പഠനം, ലളിതമായ വായന, എഴുത്ത് പരിശീലനം.
* മാസത്തിലൊരിക്കൽ :- അറബി ഗാനം/കഥ അവതരണം. ചെറിയ ക്വി റോൾ പ്ലേ.
* അധ്യയന വർഷത്തിൽ :- അറബി ഭാഷാദിനാചരണം, അറബി കവിതാപാരായണം, പ്രസംഗ മത്സരം, അറബി ഭാഷാപ്രദർശ

പ്രതിബന്ധങ്ങളും പരിഹാരങ്ങളും :-

* വെല്ലുവിളി : വിദ്യാർത്ഥികൾക്ക് അറബി ഭാഷയോടുള്ള താൽപര്യക്കുറവ്.
  പരിഹാരം : രസകരമായ പഠനരീതി, കളിയിലൂടെ പഠനം
* പരിമിതമായ പഠന സാമഗ്രികൾ.
  പരിഹാരം :- ഡിജിറ്റൽ സാമഗ്രികൾ ഉപയോഗിക്കുക

അദ്ധ്യാപകർക്ക് പുതിയ പഠന രീതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

പരിഹാരം :- നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

* അറബിഭാഷ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കാനുള്ള സാഹചര്യങ്ങളുടെ അഭാവം.

പരിഹാരം :- സ്കൂളിൽ അറബി ക്ലബ്ബുകൾ രൂപീകരിക്കുക, അറബിഭാഷാ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ലളിതമായ അറബി സംഭാഷണങ്ങൾ ക്ലാസ്സിൽ പ്രോത്സാഹിപ്പിക്കുക.

| Aim | Activities | Month | Responsible person | Economic source |
|---|---|---|---|---|
| To encourage Listening & speaking<br><br>Introduce different genres (fiction, nonfiction poetry) Enhance vocabulary Enhance listening skills.<br><br>To encourage Reading Develop basic reading, writing, listening and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive story telling sessions discussing themes, characters and plots to enhance listening skills.<br><br>Group discussions and role-plays to improve speaking skills.<br><br>Vocabulary games and exercises to build word knowledge<br><br>Interactive Reading Circles<br><br>Divide students into small groups and provide them with age-appropriate texts such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters and theme. | June | English teacher | English Club |

| Aim | Activities | Month | Responsible person | Economic Source |
| --- | --- | --- | --- | --- |
| | Encourage students to take turns reading aloud and share their interpretations and reactions to the text | July | | |
| | After discussions, each group presents a summary or analysis of their assigned text to the class | | | |
| | Guided reading sessions with comprehension questions. Listening comprehensions exercises using audio stories | | | |
| | Debates and presentations for advanced speaking practice<br>Expanding vocabulary with context clues from passage | August<br>December | English Teachers | English club |

| Aim | Activities | Month | Responsible person | Econo... So... |
| --- | --- | --- | --- | --- |
